# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 831 29.09.2016-ലെ മറുപടിക്ക്

### സർക്കാർ-എയ്ഡഡ് ഹയർസെക്കണ്ടറി അധ്യാപക നിയമനാംഗീകാരം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പുതുതായി അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനം സംബന്ധിച്ച് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവിറക്കുകയും സമയ ബന്ധിതമായി വിശദമായ ഉത്തരവിറക്കുമെന്ന് പറയുകയും ചെയ്തിരുന്നുവെങ്കിലും വിശദ ഉത്തരവ് നാളിതുവരെയായി ഇറങ്ങിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ടി ഫയലിൽ ധനകാര്യ വകുപ്പിന്റെ ശിപാർശ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; അതിൻപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത വിഷയത്തിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ അക്കാദമിക് എ- വിഭാഗത്തിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലി ഭാരം പുനഃരവലോകനം ചെയ്യാനും ഓരോ സ്കൂളിലും ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടെന്ന് വിലയിരുത്തിയശേഷം ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പിരീയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം അംഗീകൃത തസ്തികകൾ എന്നിവയടങ്ങിയ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. ആയത് പ്രകാരം നിയമനാധികാരിയായ ഹയർ സെക്കന്ററി ഡയറക്ടർ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ അക്കാദമിക് എ- വിഭാഗത്തിലെ ഫയലിൽ തസ്തിക നിർണ്ണയ നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് സർക്കാരിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ടവർക്ക് കത്തുകൾ അവസാനമായി നൽകിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | ഈ വിഷയത്തിൽ 13.07.2016, 28.07.2016 തീയതികളിൽ സർക്കാർ ഡയറക്ടർക്ക് കത്തു നൽകിയിട്ടുണ്ട്. ഡയറക്ടർ 17.09.2016-ൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറത്തിന് കത്തു നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | എങ്കിൽ രണ്ടു വർഷത്തിലധികമായി, ശമ്പളവും അംഗീകാരവുമില്ലാതെ സർക്കാർ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന അധ്യാപക-അനധ്യാപകർക്ക് വിശദമായ ഉത്തരവിറക്കി അംഗീകാരവും ശമ്പളവും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) | തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ അദ്ധ്യാപകരുടെ അംഗീകാരവും ശമ്പളവും സംബന്ധിച്ച കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഇ) | വിശദമായ ഉത്തരവിറക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വിശദമാക്കുമോ; | | |
| (എഫ്) | ഇക്കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് കൂടി അറിയിക്കുമോ? | (എഫ്) | തസ്തികകൾ സൃഷ്ടിച്ച് നല്കണമെന്നതാണ് സർക്കാർ നയം. |

(signature)

**സെക്ഷൻ ഓഫീസർ.**

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം , ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി. സി3/34033/16/എച്ച്.എസ്.ഇ    തീയതി.17/09/2016

ഡയറക്ടർ

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ഹയർസെക്കന്ററി വിദ്യാഭ്യാസം
മലപ്പുറം

സർ,

വിഷയം - ഹ.സെ.വി. - എയ്ഡഡ് - 2014-2015 അധ്യയന വർഷങ്ങളിൽ പുതുതായി അനുവദിച്ച അധിക ബാച്ചുകളിലേയ്ക്ക് തസ്തിക സൃഷ്ടിക്കുന്നതിന്- റിപ്പോർട്ട് ആവശ്യപ്പെട്ടത്- സംബന്ധിച്ച്.

2014 - 2015 അധ്യയന വർഷങ്ങളിൽ അധിക ബാച്ച് അനുവദിച്ച സ്കൂളുകളിലെ അടിസ്ഥാന സൗകര്യ ലഭ്യത പരിശോധിച്ച് കുട്ടികളുടെ എണ്ണം എടുത്ത് ആവശ്യമുള്ള തസ്തികകളുടെ എണ്ണം കണക്കാക്കിയുള്ള റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല. 22/09/2016 ന് മുൻപ് പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ടി സമയപരിധിയ്ക്കുള്ളിൽ ആയത് ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്കെതിരെ നിയമാനുസൃതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

M.M. MOHAMAD HANEEFA
UNDER SECRETARY TO GOVERNMENT

General Education (T) Department
Govt. Secretariat
Thiruvananthapuram

D.O. Lr No.6956/T2/2016/GEdn Dated: 13 /07/2016

Dear Madam,

Please refer to the Government letters of even no dated 31.03.2016 and 18.04.2016 requesting to furnish reports from the Regional Deputy Directors regarding infrastructure facilities, strength of students and number of necessary posts for the newly sanctioned additional batches along with your detailed recommendation. But, the same has not been received in Government so far. Hence, I request you to bestow your personal attention in to the matter and arrange to furnish the details to Government without any further delay.

Yours Sincerely,

( M.M.MOHAMAD HANEEFA )

Smt. M. S. Jaya. IAS,
Director of Higher Secondary Education,
Thiruvananthapuram.

11

**GOVERNMENT OF KERALA**

No. 961/U1/16/G.Edn

General Education (U) Department,
Thiruvananthapuram,
Dated: 28.07.2016.

From

The Secretary to Government

To

The Director (in Name Cover)
Higher Secondary Education,
Thiruvananthapuram.

Sir,

Sub:- General Education Department – Higher Secondary Education – Creation of posts of Higher Secondary School Teachers (Junior) and Higher Secondary School Teachers in Higher Secondary Education – Modification of workload – regarding.

Ref:- 1. G.O(MS) 398/2002/G.Edn dated 29.11.2002.
2. Your letter No. Acd.C3/34033/H.S.E/2016 dated 04.01.2016.

........

Attention is invited to the reference cited. The Special Rules for appointment of Teachers in Higher Secondary Sections both in Government and Aided Higher Secondary Schools categorises the post of Teachers as Higher Secondary School Teacher and Higher Secondary School Teacher (Junior), according to the number of periods of teaching per week as follows.

i) Below 15 periods : Higher Secondary School Teacher (Junior)

ii) 15 and above but below 26 : Higher Secondary School Teacher (Senior)

The workload required for additional post of Higher Secondary School Teachers / Higher Secondary School Teacher (Junior) has been laid down in the Government Order cited in terms of periods per week. But the duration of a period has not been specified any where. At present the duration of a period has been reduced from 45 minutes to 40 minutes. The workload of Higher Secondary School Teachers based on number of periods (not on hours) leads to creation of

13

(ii) In the case of sub languages, only if sufficient workload is maintained for 3 consecutive years, upgradation to Higher Secondary School Teachers (Sr.) level would be permitted.

(iii) The Principal will distribute the periods almost equally.

I am directed to request you to furnish your remarks/ recommendation on the above proposal to Government, within two weeks positively.

Yours faithfully,
**H.GILBERT WESLEY**
Additional Secretary,
For Secretary to Government.

Approved for issue,

Section Officer.